(1)	(2)	(3)	(4)	(5)
4.	ഓണാട്ടുകര വികസന പദ്ധതി രണ്ടാം ഘട്ടം (ആർ. ഐ. ഡി. എഫ്.-VII)	ആലപ്പുഴ	242.50	പണികൾ ധൃതഗതിയിൽ നടന്നു വരുന്നു
5.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട് വയലാർ, എരുവേലി ആന്റ് മുല്ലപ്പള്ളി (ആർ. ഐ. ഡി. എഫ്.-VI)	ആലപ്പുഴ	190.08	പണികൾ ധൃതഗതിയിൽ നടന്നു വരുന്നു
6.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട്, പോളച്ചിറ (ആർ. ഐ. ഡി. എഫ്.-VI)	കൊല്ലം	148.31	പണികൾ പൂർത്തീകരിച്ചു വരുന്നു
7.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട്, വടക്കുംപുറം (ആർ. ഐ. ഡി. എഫ്.-VI)	എറണാകുളം	25.97	പണികൾ പൂർത്തിയായി
8.	എം. പി. ലാട്ട്സ്വർക്കുകൾ	തിരുവനന്തപുരം	4.75 കോടി	പണികൾ പൂർത്തീകരിച്ചു വരുന്നു

ആർ. ഐ. ഡി. എഫ്.-VI-ൽ വരുന്ന പണികൾ 2001-2003-ൽ ആരംഭിച്ചു എങ്കിലും ചില പ്രത്യേക കാരണങ്ങളാൽ പൂർത്തീകരിച്ചിട്ടില്ല. 2005 മാർച്ച് വരെ ടി പണികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നബാർഡ് നീട്ടിതന്നിട്ടുണ്ട്. ആർ. ഐ. ഡി. എഫ്.-ൽ 2003-ൽ തുടങ്ങിയ പണികൾ ധൃതഗതിയിൽ നടക്കുകയാണ്. ടി പണികൾ പൂർത്തിയാകാതെ കൃത്യമായ നേട്ടങ്ങൾ കണക്കാക്കാൻ പ്രയാസമാണ്.

(സി) നെൽകൃഷി ഉദ്ദേശിച്ച് തുടങ്ങിയ വികസന പദ്ധതികൾ പൂർണ്ണമാകാത്ത സാഹചര്യത്തിൽ ഉൽപ്പാദന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ പുതിയ തസ്തികകൾ

107 [2076] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്താത്തതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ; ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നുണ്ട്. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അത്യാവശ്യ ഘട്ടത്തിൽ നിയമനം നടത്താറുണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ തസ്തികകൾ അനുവദിക്കണമെന്ന് ആശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ പെൻഷൻ പ്രായം

108 [2077] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തണമെന്നും പെൻഷൻ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ സാമ്പത്തിക സ്ഥിതി ഇപ്പോൾ മോശമായതിനാലും കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല എന്ന് സർക്കാർ കോർപ്പറേഷൻ മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

109 [2078] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly